7521

വ്യാകരണമാല നമ്പർ-8

ശബ്ദശുദ്ധിയും ചിഹ്നനവും

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
1978

7521

വ്യാകരണമാല നമ്പർ–8

ശബ്ദശുദ്ധിയും ചിഹ്നനവും

(സംസ്ഥാനവിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ

തയ്യാറാക്കിയത്.)

(C)

സംസ്ഥാന വിദ്യാഭ്യാസഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം

1978

ശബ്ദശുദ്ധിയും ചിഹ്നനവും

മൃഗങ്ങളെ അപേക്ഷിച്ച്, പരസ്പരഭിന്നമായ ഒട്ടേറെ ശബ്ദങ്ങൾ പുറപ്പെടുവിക്കാനുള്ള മനുഷ്യന്റെ കഴിവാണു ഭാഷയുടെ ഉത്ഭവത്തിനു നിദാനം. ഓരോ ശബ്ദസമൂഹത്തെ അനേകകാലംകൊണ്ടു സ്വായത്തമാക്കി; അതു പിൻതലമുറകൾക്കു പകർന്നുകൊടുക്കുകയും ചെയ്തു. ആ പ്രക്രിയ തുടർന്നുകൊണ്ടേ ഇരിക്കുന്നു.

ഒരു ഭാഷയിലെ എല്ലാം ശബ്ദങ്ങളും മറെറാരു ഭാഷയിൽ കണ്ടെന്നുവരില്ല-പ്രത്യേകിച്ചു ഭിന്നകുടുംബങ്ങളിൽപ്പെട്ട ഭാഷകളിൽ. പക്ഷെ ഏതു ഭാഷയിലായാലും അതതു ഭാഷയുടെ ഈ ശബ്ദസമുച്ചയമാണു മൗലികഘടകമെന്നതിനാൽ അവ തെററുകൂടാതെ ഉച്ചരിക്കുകയും എഴുതുകയും ചെയ്യേണ്ടതു ഭാഷയുടെ സംശുദ്ധിക്കാവശ്യമാണ്. മാത്രമല്ല, ഓരോരുത്തരും തോന്നിയപോലെ പറയാൻ തുടങ്ങിയാൽ ആശയവിനിമയം എന്ന ഭാഷയുടെ പ്രാഥമികധർമ്മം പോലും സാധിക്കാതായെന്നും വരുമല്ലോ.

മലയാളം, മററിന്ത്യൻ ഭാഷകളെപ്പോലെ അക്ഷരമാലയാണു, വർണ്ണമാലയല്ല സ്വീകരിച്ചിട്ടുള്ളത്. സൂക്ഷ്മമായ അർത്ഥത്തിൽ ഒരേ വർണ്ണത്തിനുതന്നെ സ്ഥാനഭേദത്താലും മററും ഈഷദ്ഭേദം കണ്ടേക്കാം. എങ്കിലും, സാമാന്യേന, എഴുതിയപോലെ ഉച്ചരിക്കപ്പെടണം.

പക്ഷെ, അജ്ഞത, സൗകര്യം, അശ്രദ്ധ തുടങ്ങിയ കാരണങ്ങളാൽ ശബ്ദങ്ങൾ പല സ്ഥലത്തും തെററി ഉച്ചരിക്കുകയും തൽഫലമായി തെററി എഴുതുകയും ചെയ്യുന്നു. സംസ്കൃതത്തിലെ മൃദുക്കളോടും മദ്ധ്യമങ്ങളോടും ചേർന്ന പദാദിയിലെ അകാരത്തെ എകാരച്ഛായയിൽ ഉച്ചരിക്കുന്നതു ഇതിനൊരുദാഹരണമാണ്. ഇതു എകാരംതന്നെ എന്നു ധരിച്ചു 'ലെജ്ജ' 'ഭെവി' എന്നിങ്ങനെ തെററി എഴുതുകയും ചെയ്യുന്നു.

ഈ വിലക്ഷണമായ അകാരോച്ചാരണം മലയാളികളുടെ ഒരു പൊതുസ്വഭാവമായി എ. ആർ. എടുത്തുകാട്ടുന്നുണ്ടല്ലൊ. ഇങ്ങനെ പൊതുവെ വരുന്ന മാററങ്ങളേക്കാൾ ഗൗരവമുള്ള എത്രയോ തെററുകൾ നമ്മുടെ ആനുകാലികപ്രസിദ്ധീകരണങ്ങളിലും പുസ്തകങ്ങളിലുമൊക്കെ കാണാം. വ്യഞ്ജനങ്ങളിൽ അതിഖരവും ഘോഷവും ധാരാളം തെററി ഉച്ചരിക്കപ്പെടാറുണ്ട്. മൃദുവും ഘോഷവും കൂട്ടക്ഷരമായോ അടുത്തടുത്തായോ വരുമ്പോൾ ഈ തെററിനുള്ള സാദ്ധ്യത വർദ്ധിക്കുന്നു. ശ, ഷ, സ എന്നീ വർണ്ണങ്ങളും തെററിച്ചു കാണാറുണ്ട്.

ന, ണ എന്നീ വർണ്ണങ്ങളുടെ ഉച്ചാരണവും പ്രത്യേകം ശ്രദ്ധേയമാണ്. ലിപി ഒന്നാണെങ്കിലും ഇവ രണ്ടു വർണ്ണങ്ങളാണല്ലൊ.

അതുപോലെ പവർഗത്തിലെ 'ഫ'യും ഇംഗ്ലീഷിലെ 'F' ൻെറ ധ്വനിയും ഒന്നല്ല. 'ഫേനവും' 'ഫാദറും' ഉച്ചരിച്ചു നോക്കുക. ആദ്യത്തേതു ഓഷ്ഠ്യമായിത്തന്നെ ഉച്ചരിക്കണം.

സാധാരണമായി തെററിച്ചു കണ്ടുവരുന്ന ഏതാനും ശബ്ദങ്ങളുടെ ശരിയായ രൂപമാണ് ഇതിനു താഴെ കൊടുത്തി

രിക്കുന്നത്. അവ അകാരാദിക്രമത്തിൽ ക്രമപ്പെടുത്തുന്നതിനു പകരം, തെററിക്കുന്ന വർണ്ണമേതോ ആ വർണ്ണം വരുന്ന ശബ്ദങ്ങളെ ഒന്നിച്ചു ചേർത്തിരിക്കുകയാണ്. ഉദാഹരണമായി 'ദൈവികം' എന്ന വാക്കിലെ ഇകാരമാണു തെററിച്ചു കാണാറ്. അതുകൊണ്ട് ഇകാരത്തിന്റെ ഭാഗത്താണു ആ പദം കാണുക. അക്കൂട്ടത്തിൽപ്പെട്ട കായികം, ഭൗതികം പോലുള്ള പദങ്ങളും അവിടെത്തന്നെ കാണാം.

ആകക്കൂടി

ആകപ്പാടെ

ആകത്തുക

അങ്ങനെ

ഇങ്ങനെ

എങ്ങനെ

അടിയന്തരം

അകമ്പടി

ആയുരന്തം

എഴുന്നള്ളുക

കൂടപ്പിറപ്പ്

കവടി

ചരിവ്

ചളി

ജാഗ്രദവസ്ഥ

ജാത്യന്ധൻ

ജാത്യഭിമാനം

തിരസ്കരണി
ദയ
ദരിദ്രൻ
പോയല്ലോ
വന്നല്ലോ
പ്രാവശ്യം
ആവശ്യം
മുഖാന്തരം
ലക്ഷോപലക്ഷം
സമ്രാട്ട്
തയ്യാർ

ആ: തർജ്ജമ
ജാമ്യം
ഏകകം
രക്ഷാകർത്താവ്
വിദ്യാഭ്യാസം
മനസാ
വാചാ
കർമ്മണാ
ദയാവാൻ

ഇ: ഇടറുക
ഇടപാട്
അവിൽ
തിമിരം
കവയിത്രി

തിടമ്പ്
പിറന്നാൾ
ഝടിതി
ആന്തരികം
ആത്മികം
ആധ്യാത്മികം
ഐഹികം
കായികം
ദൈവികം
നാഗരികം
പാരത്രികം

പുർവികം
പ്രാതിപദികം
ഭാഗികം
രാഷ്ട്രീയം — (?)
വാർഷികം
വൈദികം
സാമ്പത്തികം
ലൈംഗികം
അഞ്ജലിബന്ധം

ഉ: ഉണ്ട്
തരുക
പുക
പുടവ
ചോരുക

എഴുക
എളുക
വരുന്നുള്ളു
ആജാനുബാഹു

ഋ: ഗൃഹം
ഗൃഹസ്ഥൻ
ഗൃഹിണി
അനുഗൃഹീതൻ
കൃത്രിമം
കൃതി
കൃപണൻ
കൃപാണം
പൃഥുല
പ്രവൃത്തി
നിവൃത്തി
ആവൃത്തി

വൃത്തി
ഗൃഹി
ഗൃഹീത
നിർവൃതി
തൃക്കണ്ണ്
തൃതീയ
തൃക്കേട്ട
തൃപ്തി
തൃപ്പാദം
പൈതൃകം
ആവൃതം

എ: എനിക്ക്
ചെലവ്
അല്ലെന്ന്
ഇല്ലെന്ന്
പോയെന്ന്
വന്നെങ്കിൽ
ചെയ്തെങ്കിൽ
തന്നെത്താൻ

(ഇല്ലെന്ന്, പോയെന്ന്, വന്നെങ്കിൽ, ചെയ്തെങ്കിൽ —) എന്ന്, എങ്കിൽ തുടങ്ങിയവ ചേരുമ്പോഴുള്ള എകാരം.

ഐ:

ഐരാവതം

ഐക്യം (ഏകത)

ഐച്ഛികം

ഐശ്വര്യം

ഐന്ദ്രജാലികൻ

കൈയിൽ

കൈയേററം

കൈയക്ഷരം

കൈയൊപ്പ്

ദൈന്യം

ഹൈമവതഭൂമി

അഷ്ടൈശ്വര്യം

ഭുവനൈകസാക്ഷി

വിശ്വൈകസുന്ദരം

ഐകമത്യം

ഐകകണ്ഠ്യേന

(ഏകകണ്ഠമായി)

ഐകരൂപ്യം

(ഏകത)

കൈയാള

കൈപ്പട

കൈ; കൈയ്

കൈത്തൊഴിൽ

നൈയായികൻ

നൈരാശ്യം

വൈയവസായികം

വൈയാകരണൻ

ഔ:

ഔദാര്യം

(ഉദാരത)

ഔത്സുക്യം

(ഉത്സുകത)

ഔദാസീന്യം

(ഉദാസീനത)

ഔന്മുഖ്യം

(ഉന്മുഖത)

ദൗർബ്ബല്യം

(ദുർബ്ബലത)

ദൗരാത്മ്യം

(ദുരാത്മത)

യൗവനം

ഗൗരവം

<u>കവർഗം:</u>	ജാഗ്രരൂകത	ചതുരങ്ഗം
	കുടിശ്ശിക	അഗാരം
	ബകൻ	അഗാധം
	ഗോപിക	ഘടന
	അച്ചുകൂടം	ഘണ്ടം
	സംസ്കാരം	ഘാതകൻ
	ഖഗം	സംഘടന
	ശാഖ	സംഘാതം
	മേഖല	ആഘാതം
	സഖ്യം	വിഘാതം
	സംഖ്യ	പ്രത്യാഘാതം
	ശൃംഖല	നിഘണ്ടു
	അങ്ഗം	

<u>ചവർഗം:</u>	ചപലം	ഛർദി
	ചാപലം	ഛിദ്രം
	(ചാപല്യം, ചപലത	ലജ്ജ
	ചപലത്വം)	ഝജ്ജ
	അരചൻ	സജ്ജനം
	നാരാചം	മജ്ജനം
	രചന	അച്ഛൻ
	വിചാരം	ഇച്ഛ
	ആചാരം	തുച്ഛം
	ഛായ	ആപച്ഛങ്ക

ഉച്ഛിഷ്ടം	വിജ്ഞാനം
ഉച്ഛ്വാസം	ജ്ഞാതി
ജീവച്ഛവം	അഞ്ജനം
വിദ്യുച്ഛക്തി	അഞ്ജലി
മൂർച്ഛ	ധനഞ്ജയൻ
യദൃച്ഛയാ	ഭഞ്ജനം
യാദൃച്ഛികം	മഞ്ജു
ഐച്ഛികം	മഞ്ജരി
സ്വച്ഛം	ശിഞ്ജിതം
ആച്ഛാദനം	വ്യഞ്ജനം
ഉച്ഛൃംഖലൻ	സഞ്ജയൻ
ആജ്ഞ	വാഞ്ഛ
ജ്ഞാനം	ലാഞ്ഛന
അജ്ഞാനം	പിഞ്ഛിക

ടവർഗം:

കുടുംബം	പീഠം
ജട	ഗരുഡൻ
ജടായു	ഡംഭ്
ചടുലം	ജഡം
മടയൻ	ജാഡ്യം
ടിപ്പണി (ടിപ്പണം)	താഡനം
	ഗാഢം
മഠം	ഊഢം

ബാഢം
മൂഢൻ
ആഷാഢം
വിങ്ങലം
താങ്ങി
കുണ്ഠിതം
കണ്ഠം
കണ്ഠ്യം
ശണ്ഠ
മുക്തകണ്ഠം
മണ്ഡലം
മണ്ഡനം
ഗണ്ഡം
കുണ്ഡലം
പണ്ഡിതൻ
താണ്ഡവം
മണ്ഡൂകം
അഭീഷ്ടം
അഷ്ടമി
ഗോഷ്ടി
കഷ്ടം
സ്പഷ്ടം
വേഷ്ടി
ഷഷ്ടി
ഷഷ്ടിപൂർത്തി
പുഷ്ടി
അക്ലിഷ്ടം
ക്ലിഷ്ടം
അഷ്ടകോണം

ചേഷ്ട
ആവിഷ്ടം
ഉത്കൃഷ്ടത
ഉപദേഷ്ടാവ്
ഉദ്ദിഷ്ടം
തുഷ്ടി
ദുരുപദിഷ്ടം
ദുഷ്ടൻ
വിശിഷ്ടം
സന്തുഷ്ടം
ഓഷ്ഠം
കുഷ്ടം
നിഷ്ഠ
വരിഷ്ടം
കനിഷ്ഠം
നിഷ്ഠരം
പരമകാഷ്ഠം
പാപിഷ്ഠൻ
പ്രതിഷ്ഠ
പൃഷ്ഠം
സ്വാദിഷ്ഠം
ഭൂയിഷ്ഠം
അംഗുഷ്ഠം
സൗഷ്ഠവം
കോഷ്ഠം
ശ്രേഷ്ഠൻ
അനുഷ്ഠാനം
തൊഴിലധിഷ്ഠിതം

തവർഗ്ഗം:

അഗതി
ഗതം
പുരാതനം
പ്രതിനിധി
ഉത്പത്തി
ഉത്പതിഷ്ണു
ഉത്കണ്ഠ
ഉത്കർഷം
ഉത്പതിക്കുക
ഉത്പാതം
ഉത്പാദനം
ചമത്കാരം
ജഗത്പ്രാണൻ
താത്കാലികം
താത്പര്യം
തത്പാദം
ഉത്കൃഷ്ടം
ആത്മാവ്
ആത്മഗതം
മുഖതാവിൽ
അതിഥി
ആതിഥ്യം
ആതിഥേയൻ
യഥാ
തഥാ

പ്രഥമ
പഥം
പഥികൻ
പാഥേയം
വൃഥ
ശപഥം
തിഥി
ഗദ്ഗദം
ദരിദ്രൻ
പ്രദക്ഷിണം
(വലംവക്കൽ)
പ്രതിക്ഷണം
(ക്ഷണംതോറും)
ദ്രൗപദി
ഉദ്ഘാടനം
ബിരുദം
ദധി
അഗാധം
പ്രതിനിധി
ദുസ്സാധം
ബന്ധുരം
വസുന്ധര
വിന്ധ്യൻ
നിർബന്ധം
നിർബദ്ധൻ

ആബാലവൃദ്‌ധം
ഗ്രന്‌ഥം
മന്‌ഥര
പാന്‌ഥൻ
ചന്ദനം
നന്ദി
വൃന്ദാവനം
മന്ദാരം
ഇന്ദു
ഇന്ദിര
വന്ദനം
സുന്ദരം
നന്ദിനി
മന്ദം
പന്തം
അന്തി
തന്തു
കാന്താരം
കാന്ത
ദന്തം
താലവൃന്തം
മന്ദാക്രാന്ത
വിദഗ്‌ദ്‌ധൻ
ദുഗ്‌ദ്‌ധം
മുഗ്‌ദ്‌ധം
ദഗ്‌ദ്‌ധം

സന്ദിഗ്‌ദ്‌ധം
ചണ്ടിത്തം
മണ്ടത്തം
അടിമത്തം
ആണത്തം
കട്ടിത്തം
കുട്ടിത്തം
കാട്ടാളത്തം
ചങ്ങാതിത്തം
(ചങ്ങാത്തം)
താന്തോന്നിത്തം
മുതലാളിത്തം
വഷളത്തം
വിഡ്ഢിത്തം
വങ്കത്തം
തത്വം
മഹത്വം
ഉത്തരവാദിത്വം
പിതൃത്വം
കർത്തൃത്വം
ഗൃഹാതുരത്വം
അസ്‌തിത്വം
നാനാത്വം
ഏകത്വം
ബാലിശത്വം
(ബാലിശത)

അസ്തി
ആസ്തിക്യം
ആസ്തികൻ
നാസ്തികൻ
അസ്തിവാരം
പ്രസ്താവന
ദുസ്തരം
വിസ്താരം
വാസ്തവം
വ്യത്യസ്തം
അഭ്യസ്തവിദ്യൻ
വിശ്വസ്തൻ
പ്രസ്താവന
പ്രശസ്തം

വസ്തു
പ്രസ്താരം
രോഗഗ്രസ്തൻ
അസ്ഥി
ആസ്ഥ
അവസ്ഥ
സ്ഥിരം
സ്ഥാവരം
അനാസ്ഥ
അസ്വസ്ഥത
ഉടമസ്ഥൻ
കരസ്ഥം
കാര്യസ്ഥൻ
യഥാസ്ഥിതികൻ

പവർഗം:

ഫലം
ഫണി
ഫേനം
പ്രതിഫലം
വിഫലം

(ഫയൽ
ഫാർമസി
ഫൈൻ)
ബീഭത്സം
ബീജാവാപം

യ, ര, ല, വ, റ.

സ്വാതന്ത്ര്യം
പാരതന്ത്ര്യം
ചാരിതാർത്ഥ്യം

ദാരിദ്ര്യം
യാഥാർത്ഥ്യം
സാരള്യം

വൈശിഷ്ട്യം
വൈരൂപ്യം
മാദ്ധ്യസ്ഥം
ആദ്ധ്യക്ഷം
വൈദഗ്ദ്ധ്യം
ഐക്യം
വൈരൂപ്യം
വാത്സല്യം
അച്യുതൻ
ജ്യോതിഷം
ജ്യോത്സ്യൻ
തിയ്യതി
(തീയതി)
തയ്യാർ
ദേഷ്യം (കോപം)
എതിർപ്പ്
എതിർകക്ഷി
അതിർത്തി
ഉതിർന്നു
ആവർത്തനം
നിവർത്തനം
വർത്തനം
പ്രവർത്തനം
ഹാർദമായി
ക്രിസ്തു
ക്രിസ്ത്യാനി
ക്രിസ്ത്വബ്ദം

സ്രഷ്ടാവ്
ഭ്രഷ്ട്
ഭ്രംശം
ക്രോധാവിഷ്ടൻ
ക്രൗര്യം
(ക്രൂരത)
ദ്രഷ്ടാവ്
ഗ്രഹം
ഗ്രഹണം
പരിഗ്രഹണം
ത്രികോണം
ത്രാണം
ശ്രോതാവ്
പതിവ്രത
പാതിവ്രത്യം
ദ്വേഷം (അപ്രീതി,
വിരോധം)
ഉച്ഛ്വാസം
നിശ്വാസം
ത്വക്ക്
ദ്വിതീയം
ദ്വന്ദ്വൻ
ദ്വയം
അദ്വിതീയം
അദ്വൈതം
ക്രിസ്ത്വബ്ദം

ശ

ആശ്ചര്യം

നിശ്ചേതനം

പുനശ്ചിന്തനം

പശ്ചാത്താപം

പശ്ചാത്തലം

പാശ്ചാത്യം

പ്രായശ്ചിത്തം

വൃശ്ചികം

നിശ്ചേഷ്ടം

ഹ

വ്രതം

ഹ്രസ്വം

ഹ്രദം

ചിഹ്നം

വഹ്നി

പൂർവാഹ്നം

മദ്ധ്യാഹ്നം

അപരാഹ്നം

സായാഹ്നം

ബ്രഹ്മം

ബ്രാഹ്മണൻ

ബ്രഹ്മചാരി

വിസർഗ്ഗം:

അധഃകരിക്കുക

അധഃപതനം

അന്തഃകരണം

അന്തഃപുരം

വേറെ ചിലവ:

അന്തശ്ഛിദ്രം
അന്താരാഷ്ട്രം
(അന്താരാഷ്ട്രീയം)
അന്തസ്താപം
ശിരോമണി
അധോവൃത്തി
ക്ഷണക്കത്ത്
ഗീതഗോവിന്ദം
ചുമതലാബോധം
ജന്മനാ
പ്രകൃത്യാ
ജാഗ്രദവസ്ഥ
പ്രസാധിക
ലേഖിക
ബഹുപത്നീകത്വം
യഥാകാലം
യഥാശക്തി
രക്ഷാകർത്താവ്

രുക്മിണി
രൂപവത്കരിക്കുക
ലോകത്രയം
വേഗം
സമകാലികർ
സംഭ്രാന്തചിത്തൻ
സാധാരണമായി
സ്ഥായിഭാവം
സ്വയംരക്ഷ
(സ്വരക്ഷ)
സ്വാർജ്ജിതം
നിരാശത
പാതിത്യം
നിർമിതി
ആസ്പദമാക്കി
ഉല്ലസിതവദനൻ
സ്നിഗ്ധജനം.

ചിഹ്നനം

വായിക്കുമ്പോൾ നിർത്തേണ്ട സ്ഥാനങ്ങൾ കുറിക്കുകയാണു ചിഹ്നങ്ങളുടെ മുഖ്യപ്രയോജനം. ഇതിനുപുറമെ, സംസാരത്തിൽ സ്വരഭേദംകൊണ്ടും ആംഗ്യംകൊണ്ടും ധരിപ്പിക്കാനുദ്ദേശിക്കുന്ന അർത്ഥഭേദങ്ങളെ കാണിക്കാനും ചിഹ്നങ്ങൾ ഉപകരിക്കുന്നു.

ലിഖിതരൂപത്തിലുള്ള ഭാഷയിൽ ചിഹ്നങ്ങൾ ചേർക്കുന്നതിനെയാണു ചിഹ്നനം എന്നു പറയുന്നത്.

ബിന്ദു, കാകു, പ്രശ്ലേഷിണി തുടങ്ങിയ ചില ചിഹ്നങ്ങളൊക്കെ വളരെ മുമ്പുതന്നെ നമ്മുടെ ഭാഷയിലും ഉപയോഗിച്ചിരുന്നു എന്നാൽ ഇംഗ്ലീഷുമായുള്ള സമ്പർക്കംകൊണ്ടാണു ചിഹ്നങ്ങളുടെ എണ്ണം കൂടിയത്. നിർഭാഗ്യവശാൽ, കൂടുതൽ ചിഹ്നങ്ങൾ ഉപയോഗിക്കുന്നതു കൂടുതൽ യോഗ്യതയാണെന്ന ധാരണകൊണ്ടോ എന്തോ, ആവശ്യമില്ലാത്തിടത്തും വിരാമചിഹ്നങ്ങൾ ചേർക്കുന്ന സമ്പ്രദായം കാണുന്നു. ആവശ്യമായ സ്ഥലത്തു വിരാമചിഹ്നങ്ങളുപയോഗിക്കാത്തതിനേക്കാൾ അരോചകമാണ്, അനാവശ്യസ്ഥലങ്ങളിലും അവ ഉപയോഗിക്കുന്നത്.

ചിഹ്നനസമ്പ്രദായത്തിൽ ഇംഗ്ലീഷിൽപ്പോലും കാലാന്തരത്തിൽ പല മാററങ്ങളും സംഭവിച്ചിട്ടുണ്ട്. ഇങ്ങനെ കാലഭേദത്താലുള്ള മാററത്തിനു പുറമെ, വക്താവിന്റെ രുചിക്കും വിവക്ഷയ്ക്കും അനുസരിച്ചും അല്പാല്പം വ്യത്യാസങ്ങൾ കാണാം.

ഇവയാണു പ്രധാനമായ ചിഹ്നങ്ങൾ:

i) അങ്കുശം (അല്പവിരാമം) (,)
ii) രോധിനി (അർദ്ധവിരാമം) (;)
iii) ഭിത്തിക (.)
IV) ബിന്ദു (പൂർണ്ണവിരാമം) (.)
V) കാകു (ചോദ്യചിഹ്നം) (?)
VI) വിക്ഷേപണി (ആശ്ചര്യചിഹ്നം) (!)
VII) ഉദ്ധരണി (“ ”)

1) അങ്കുശം അല്പവിരാമം) :

അല്പം മാത്രം നിർത്തേണ്ട സ്ഥലങ്ങളിലുപയോഗിക്കുന്ന അടയാളമാണു അങ്കുശം. ഇതുപയോഗിക്കേണ്ട സന്ദർഭങ്ങൾ പരിശോധിച്ചുനോക്കാം.

കഴിക്കാൻ സ്വാദിഷ്ഠങ്ങളായ വിഭവങ്ങൾ, വിഹരിക്കാൻ മനോഹരമായ ഉദ്യാനങ്ങൾ, പരിചരിക്കാൻ ധാരാളം ഭൃത്യന്മാർ– ഇവയൊക്കെ ഉണ്ടായിട്ടും സിദ്ധാർത്ഥനു മന:സുഖം ലഭിച്ചില്ല.

ഈ വാക്യത്തിലെ വിഭവങ്ങൾ, ഉദ്യാനങ്ങൾ, ഭൃത്യന്മാർ എന്നീ പദങ്ങൾ സമുച്ചയത്താലോ നിപാതത്താലോ കൂട്ടിച്ചേർത്തിട്ടില്ല. അത്തരം ദിക്കിൽ ഒന്നു നിർത്തി വായിക്കണം എന്നു സൂചിപ്പിക്കാൻ അങ്കുശചിഹ്നം ഉപകരിക്കുന്നു.

എന്നാൽ,

കോഷണ്ടി കുമ്പ, മുതുകത്തു രോമം, കഞ്ഞിപിഴിഞ്ഞ മുണ്ട് ഇവ പുരുഷലക്ഷണമായി കരുതിയിരുന്നു ഒരുകാ

ലത്ത്. എന്ന വാക്യത്തിലെ പദങ്ങൾ സമുച്ചയിച്ചിട്ടില്ലെങ്കിലും ഇടയിൽ അങ്കുശം ഇട്ടുകൊള്ളണമെന്നില്ല.

സാമാന്യേന ഒരേ ജാതിയിലുള്ള പദാവലികളേയും വാക്യങ്ങളേയും ഉം, ഓ എന്നീ നിപാതങ്ങളാലോ "എന്ന" എന്ന ഘടകപദത്താലോ കൂട്ടിച്ചേർക്കാത്ത ഘട്ടത്തിൽ അങ്കുശം ഉപയോഗിക്കണം. വാക്യങ്ങൾക്കുദാഹരണം:

'ക്ഷേത്രങ്ങളും മതിലുകളും ഗോപുരങ്ങളും നിർമ്മിക്കുക, ക്ഷേത്രങ്ങളിൽ ശിലാരൂപങ്ങൾ ഉണ്ടാക്കിവയ്ക്കുക, കല്ലിൽ കൊത്തുവേലകൾ ചെയ്യുക മുതലായവയാണു കല്പണിക്കാരന്റെ തൊഴിൽ.'

ii) 'ഇന്ദുലേഖ ഈ നമ്പൂതിരിയുടെ പിന്നാലെ ഓടും, ഓടും.' ആ ശാസ്ത്രജ്ഞൻ യുറീക്കാ, യുറീക്കാ എന്നുറക്കെ വിളിച്ചുപറഞ്ഞു.

ഈ വാക്യങ്ങളിൽ ഒരേ പദം തന്നെ സന്ദർഭവശാൽ ആവർത്തിച്ചിരിക്കയാണ്.

'എതിർപക്ഷത്തുനിന്നു ആരെങ്കിലും ഞങ്ങളുടെ പക്ഷത്തേയ്ക്കു വരുന്നുവോ, എതിർപക്ഷത്തുനിന്നു ആരെങ്കിലും ഞങ്ങളുടെ പക്ഷത്തേയ്ക്കു വരുന്നുവോ എന്നു യുധിഷ്ഠിരൻ ഉറക്കെ വിളിച്ചു ചോദിച്ചു.'

ഇവിടെ ഒരേ വാക്യംതന്നെ ആവർത്തിക്കുന്നു.

ഇങ്ങനെ ഒരേ വാക്കോ വാക്യമോ ആവർത്തിക്കുന്നിടത്തും അല്പവിരാമചിഹ്നം വേണം.

iii) 'കുട്ടികളേ, നിങ്ങൾക്കൊരു കഥ പറഞ്ഞുതരാം.
'ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ ശകുന്തളേ'
നിന്നെ ഓർമ്മവരും.
'ഓമനേ, നിന്നെപ്പരിചയമില്ലാതെ-
യീ മഹാവിശ്വത്തിലാരുമില്ലത്ഭുതം.'

അടിയിൽവരയിട്ട പദങ്ങൾ സംബോധനകളാണല്ലോ അവ വാക്യാംശമല്ല. അവയെ വേർതിരിച്ചു കാണിക്കാൻ അത്തരം സ്ഥലങ്ങളിൽ അല്പവിരാമം വേണം.

iv) 'ആ ഉത്തുംഗനായ ഗിരിവരൻ, ഹിമവാൻ, കാളിദാസന്റെ ഭാവനയെ നിറംപിടിപ്പിച്ചു.'

ഇതിലെ ഗിരിവരൻ തന്നെയാണു ഹിമവാൻ.

ടോൾസ്റ്റോയിയുടെ വിശ്വപ്രശസ്തമായ ആ ഗ്രന്ഥം, യുദ്ധവും സമാധാനവും, ഐതിഹാസികമായ ശൈലിയിലെഴുതിയിട്ടതാണ്.

ഇതിലെ ഗ്രന്ഥവും, യുദ്ധവും സമാധാനവും ഒന്നു തന്നെയാണല്ലോ. ഇങ്ങനെ സമാനാധികരണത്തിലുള്ള പദങ്ങളെ രണ്ടു വശത്തും അങ്കുശമിട്ടു വേറിട്ടു കാണിക്കണം.

v) 'ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും, മണിയും, പ്രവാളവും എന്നപോലെ കൂട്ടിച്ചേർത്താണു മണിപ്രവാള ശൈലി രൂപപ്പെടുത്തിയത്.

'ഈശ്വരന്റെ മുമ്പിൽ അരചനും അടിമയും, ധനികനും, ദരിദ്രനും തുല്യരാണ്.

ഈ വാക്യങ്ങളിലെ പദങ്ങൾ സമുച്ചയനിപാതത്താൽ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും, അവയിലെ ഓരോ ജോടിയും അർ

ത്ഥവശാൽ പിരിഞ്ഞുനിൽക്കുന്നു എന്നു കാണിക്കാൻ അങ്കുശം ഉപകരിക്കുന്നു.

vi) കുറുക്കന്റെ പ്രശംസകേട്ടു മയങ്ങിയ കാക്ക തന്റെ വായിൽ അപ്പമുണ്ടെന്ന കാര്യം മറന്ന്, ഉറക്കെ ഒന്നു ശബ്ദിച്ചു.

ഡച്ചുകാർക്കു താൻ കീഴടങ്ങി എന്നു കാണിക്കാൻ, പതിവുപോലുള്ള സ്വർണ്ണക്കുടയ്ക്കു പകരം, ഒരു പച്ചപ്പട്ടുകുടയാണു രാജാവു പിടിച്ചിരുന്നത്.

പ്രധാനവാക്യത്തിനിടയിൽ തള്ളിക്കയറിയപോലുള്ള ഇത്തരം വാചകങ്ങളെയോ ഉപവാക്യങ്ങളെയോ വേർതിരിക്കാനും അങ്കുശം ഉപയോഗിക്കുന്നു.

vii) "നമ്മുടെ അതിഥി ഒരു എഴുത്തുകാരനാണ്," റൂത്ത ഇടയിൽ കടന്നുപറഞ്ഞു.

"ഭയം എന്തൊന്നിനെ വേണ്ടതോ അറിയുന്നില്ല," വിധവ കാനഡസ്വാമികൾ പറഞ്ഞു.

ഇങ്ങനെ ഒരു ഉദ്ധൃതവാക്യം വാക്യത്തിന്റെ കർമ്മമായി വരുന്നിടത്തു ഉദ്ധൃതവാക്യത്തിനുശേഷം അങ്കുശം വേണം.

2. രോധിനി (;)

അങ്കുശമുപയോഗിക്കേണ്ട സ്ഥാനങ്ങളെക്കാൾ അല്പം കൂടി നിർത്തേണ്ട ദിക്കുകളിൽ ഉപയോഗിക്കുന്ന ചിഹ്നമാണിത്. രോധിനിയും ഇനി പറയാൻ പോകുന്ന ഭിത്തികയും, വ്യാകരണത്തിന്റെ ദൃഷ്ടിയിൽ പൂർത്തിയായെങ്കിലും ആശയംകൊണ്ടു പൂർത്തിയാവാത്ത വാക്യങ്ങളുടെ ഒടുവിൽ ചേർക്കേണ്ടവയാണ്. കാര്യകാരണാദിബന്ധങ്ങളുടെ രൂപത്തി

ലുള്ള വാക്യങ്ങൾ പിന്നിൽ വരുന്നിടത്താണു രോധിനി ഉപയോഗിക്കുന്നത്.

'സംസ്കാരം പരിപൂർണ്ണതയുടെ അഭ്യസനമെന്നാണു കവിയുടെ അഭിമതം; ഇതു സംഭവിക്കുന്നതുതന്നെ വെറും ജ്ഞാനത്തിലുള്ള ശാസ്ത്രീയാഭിലാഷത്താൽ മാത്രമല്ല: നന്മ ചെയ്യുവാനുള്ള ധാർമ്മികവും സാമുദായികവുമായ അഭിലാഷവും ഇതിനു കാരണമാകുന്നു.

മേലെ വാക്യത്തിൽ 'അഭിമതം' എന്നിടത്തു വ്യാകരണ പ്രകാരം വാക്യമവസാനിച്ചുവെങ്കിലും ആ വാക്യത്തിലെ ആശയത്തെത്തന്നെ വിസ്തരിച്ചു പറയുകയാണല്ലോ ബാക്കി ഭാഗത്ത്. അതിനാൽ അവിടെ രോധിനി ഉപയോഗിക്കുന്നു.

ഒരു വാക്യത്തിൽ അങ്കുശമുപയോഗിക്കുകയും ആശയം പൂർത്തിയാകാതെവരികയും ചെയ്യുന്ന ദിക്കുകളിലും രോധിനിതന്നെയാണു വേണ്ടത്.

3) ഭിത്തിക:

(i) അങ്കുശം, രോധിനി എന്നിവ ഉപയോഗിക്കുന്നസ്ഥാനങ്ങളെക്കാൾ അല്പംകൂടി വിരാമം വേണ്ട സ്ഥാനങ്ങളിലാണു ഭിത്തിക ചേർക്കുന്നത്. ചുരുക്കിപ്പറഞ്ഞ കാര്യത്തെ വിസ്തരിക്കുക, ഒരു രീതിയിൽ പറഞ്ഞതിനെ മറ്റൊരു രീതിയിൽ എടുത്തു പറയുക, തുല്യപ്രധാനങ്ങളായ ഘടകങ്ങളെ അടുക്കടുക്കായി പറയുക തുടങ്ങിയ ദിക്കുകളിൽ ഭിത്തിക യോജിക്കുന്നു. ഉദാഹരണങ്ങൾ നോക്കുക.

'ലെഗോജ് നർത്തകികൾ രണ്ടുപേരുടേയും ഉടുപ്പും ചമയങ്ങളും ഒരേ മാതിരിയാണ്: അവർ ഒരേ അച്ചിൽ വാർത്തെ

ടുത്തു ഒരേ മട്ടിൽ നിറം പിടിപ്പിച്ചു കണ്ടു രൂപങ്ങളല്ലാതെന്നേ തോന്നൂ.

'അയാറം സൂര്യനു താഴെയുള്ള എല്ലാ കാര്യങ്ങളെ പററിയും വിശദമായും ആധികാരികമായും സംസാരിക്കും; ഒരു ന്യൂനതയേ ഉള്ളു: പറയുന്നതൊന്നും ശരിയായിരിക്കുകയില്ല.'

(ii) ശാസ്ത്രി പറഞ്ഞു: "ഇവിടത്തെ എൻെറ ജീവിതം ഒരു മുള്ളുമെത്തയായിത്തീർന്നിരിക്കുകയാണ്."

ക്രിസ്തു പറയുകയുണ്ടായി: — "വാളെടുത്തവൻ വാളാൽ കൊല്ലപ്പെടും.

ഇങ്ങനെ സാക്ഷാൽ സംഭാഷണങ്ങളേയോ, അന്യഗ്രന്ഥങ്ങളിൽ നിന്നുദ്ധരിച്ച വാക്യങ്ങളേയോ ചേർക്കുന്നതിനു മുമ്പു ഭിത്തിക വേണം. ഇതോടൊന്നിച്ചു ഒരു രേഖയും ചിലപ്പോറം ചേർക്കാറുണ്ട്.

4) ബിന്ദു (പൂർണ്ണവിരാമം) (.)

അർത്ഥം പൂർത്തിയാവുന്ന ദിക്കിൽ, അങ്കുശം രോധിനി ഭിത്തിക ഇവ ഉപകരിക്കാതിരിക്കുകയും, ചോദ്യാർത്ഥമോ വ്യാക്ഷേപകാർത്ഥമോ ഇല്ലാതിരിക്കുകയും ചെയ്യുമ്പോറം പൂർണ്ണവിരാമം ചേർക്കുന്നു. ഇതിനു ഉദാഹരണം ആവശ്യമില്ലല്ലോ.

വാക്യാന്തത്തിലല്ലാതെ മററൊരു സ്ഥലത്തും ബിന്ദുവിൻെറ ഉപയോഗമുണ്ട്.

എ. ആർ. രാജരാജവർമ്മ

ഡോ. രാധാകൃഷ്ണൻ

ഇങ്ങനെ വാക്കുകളെ സൂചിപ്പിക്കാൻ വേണ്ടി അതിലെ ഏതാനും ഭാഗത്തെയോ അക്ഷരത്തെയോ മാത്രം എഴുതുന്നേടിക്കിലും ബിന്ദു ചേരുന്നു.

എന്നാൽ 'ശ്രീ' യുടെ പിന്നിൽ ഇതാവശ്യമില്ലാതായിരിക്കുന്നു.

5) കാകു (ചോദ്യചിഹ്നം):

ചോദ്യാർത്ഥത്തിലുള്ള വാക്യങ്ങളുടെ പിന്നിൽ ചേർക്കുന്ന ചിഹ്നമാണു ഇതു്.

താഴെ കാണുന്ന രണ്ടു വാക്യങ്ങളും ശ്രദ്ധിക്കുക:

"ഈ ചിത്രത്തിനു എന്തു വില കിട്ടും?" ഞാൻ ചോദിച്ചു.

ആ ചിത്രത്തിനു എന്തു വില കിട്ടുമെന്നു ഞാൻ ചോദിച്ചു.

ഇവയിൽ രണ്ടാമത്തെ വാക്യത്തിനു ചോദ്യാർത്ഥമില്ല. യഥാർത്ഥത്തിൽ ചോദ്യമാകുന്നിടത്തല്ലാതെ, അനാഖ്യാന രൂപത്തിലുള്ള ഇത്തരം വാക്യങ്ങളുടെ പിന്നിൽ ചോദ്യചിഹ്നം ചേർക്കുന്നതു ശരിയല്ല.

'നാം അടുത്ത ആഴ്ചയിൽ വീണ്ടും കാണുമല്ലോ.

ഈ വാക്യം ഒരു ചോദ്യമല്ല. ഒരു പ്രസ്താവന മാത്രമാണ്. അതിനാൽ ഇത്തരം വാക്യങ്ങളുടെ പിന്നിലും കാകു ചേർക്കരുത്.

എന്നാൽ "നീ നാളെ ഇവിടെ വരും?" എന്ന് വ്യാകരണപരമായി ചോദ്യരൂപത്തിലല്ലെങ്കിലും വക്താവിൻെറ വിവക്ഷ അങ്ങനെയാണെങ്കിൽ കാകു ചേർക്കണം.

6) വിക്ഷേപണി (ആശ്ചര്യചിഹ്നം (!)

എന്തൊരാനന്ദം!

അപ്സരതീർത്ഥത്തിനടുത്തുവച്ചു ഒരത്ഭുതതേജസ്സു വന്നു അവളെ എടുത്തുകൊണ്ടുപോയി!

അയാഠം ഒരു യോഗ്യനാണല്ലോ!

ഇങ്ങനെ ആഹ്ളാദം, അത്ഭുതം, നിന്ദ, ഭയം തുടങ്ങിയ വികാരങ്ങളെ കാണിക്കുന്ന വാക്യങ്ങളുടെയും ഹാ, കഷ്ടം തുടങ്ങിയ വ്യാക്ഷേപക ശബ്ദങ്ങളുടെയും പിന്നിലും ഈ ചിഹ്നം ചേർക്കുന്നു.

ദയവിചാരിച്ചു ഈ വാദമൊന്നവസാനിപ്പിക്കുമോ !

നിങ്ങഠം അടങ്ങിയിരിക്കില്ലേ!

അധിക്ഷേപത്തിന്റെയോ താക്കീതിന്റെയോ സ്വരത്തിലാവുമ്പോഠം ഇത്തരം വാക്യങ്ങഠംക്കു പിന്നിൽ വിക്ഷേപണിയാണു, ചോദ്യചിഹ്നമല്ല ചേർക്കേണ്ടത്.

7. രേഖ (–)

അതായത്, അതുകൊണ്ടു തുടങ്ങിയ ഘടകപദങ്ങളുപയോഗിച്ചു വാക്യം വലിച്ചുനീട്ടാതെ കഴിക്കാൻ ഉപയോഗിക്കുന്ന ചിഹ്നം. ഭിത്തികയും ഇതും ഉപയോഗിക്കുന്ന സന്ദർഭങ്ങഠം എതാണ്ടൊരുപോലെയാണ്.

i) ആദ്യവാക്യത്തെ തുടർന്നു വരുന്നതു ചില വാക്കുകഠം മാത്രമാവുമ്പോഠം രേഖ, വാക്യങ്ങഠംതന്നെ ഉള്ളിടത്തു ഭിത്തിക എന്നുപറഞ്ഞാൽ ഏറക്കുറെ ശരിയാണ്.

'ഞാൻ പറയുന്നു, മനുഷ്യന്റെ ഉള്ളിൽ ഒരു ദുഷ്ടനിരുപ്പുണ്ട്''—അജ്ഞാത.

ii) പല പ്രസ്താവനകളും ശേഖരിച്ചു പറയേണ്ട ദിക്കുകളിലും ഭിത്തികയല്ല, രേഖയാണു യുക്തം. ഈ ഉദാഹരണം നോക്കുക:

കുട്ടികൾ, യുവാക്കൾ, വൃദ്ധന്മാർ–എല്ലാവരും ആ കാഴ്ച കാണാൻ വന്നു കൂടി.

iii സർവവിധ ശ്രേയസ്സുകൾക്കും അടിസ്ഥാനം— ഇതു പല മഹാന്മാരും പറഞ്ഞിട്ടുള്ളതാണ്— വിദ്യാഭ്യാസമാകുന്നു.

ഇങ്ങനെ പ്രധാന വാക്യത്തോടന്വയിക്കാതെ നില്ക്കുന്ന വാക്കുകളെയോ വാക്യങ്ങളെയോ വേർതിരിക്കാനും രേഖ ഉപയോഗിക്കുന്നു.

വേറൊരുദാഹരണം നോക്കുക:

'ഉണ്ടൊരു കൃതി— അല്ലാ വികൃതി—
എന്റേതായ് ചൊൽ—
ക്കൊണ്ടഴുമങ്ങുന്നതിൻ
പിഴകൾ തീർത്താൽ കൊള്ളാം.'

iv) ഒടുവിൽ കൊടുത്ത ഉദാഹരണത്തിലെ ചൊൽക്കൊണ്ട എന്ന പദം രണ്ടു പാദങ്ങളിലായി മുറിഞ്ഞു കിടക്കുകയാണല്ലോ. പദ്യത്തിലെ അത്തരം സന്ദർഭങ്ങളിലും രേഖ ഉപയോഗിക്കണം.

8. ഉദ്ധരണി. (" ")

"ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!" ഗുരു ആശംസിച്ചു.

"സ്നേഹമാണഖിലസാരമൂഴിയിൽ" എന്ന ആശാന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതദർശനത്തെക്കൂടി വെളിപ്പെടുത്തുന്നതാണ്.

ഇങ്ങനെ സാക്ഷാൽ സംഭാഷണത്തിലും, ഉദ്ധൃതവാക്യങ്ങളിലും ഉദ്ധരണി ചേർക്കണം.

പക്ഷേ, ചെറുകഥകളിലും നോവലുകളിലുമൊക്കെ രണ്ടു കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ മാത്രം കഥ പുരോഗമിക്കുന്ന ഘട്ടത്തിൽ, അർത്ഥശങ്കക്കിടയില്ലെങ്കിൽ, ഈ ചിഹ്നം ചേർക്കേണ്ടതില്ല.

ഉദ്ധൃത വാക്യങ്ങൾക്കിടയിൽ വരുന്ന മറ്റൊരുദ്ധൃത വാക്യത്തെ കാണിക്കാൻ ഒറ്റവരകൾ (' ') ഉപയോഗിക്കാറുണ്ട്.

മേൽവിവരിച്ച പ്രധാന ചിഹ്നങ്ങൾക്കു പുറമെ വേറെ ചില ചിഹ്നങ്ങളും ഭാഷയിൽ പ്രയോഗത്തിലുണ്ട്:

i) പാതയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ജനങ്ങൾ നിരന്നുനിന്നിരുന്നു!

ഈ വാക്യം എഴുതുമ്പോൾ ഒരു പദം വിട്ടുപോയെന്നു കരുതുക. പിന്നെ ചേർക്കേണ്ടിവരുന്ന ഘട്ടത്തിൽ, ചേർക്കേണ്ടതിനു തൊട്ടുമുമ്പുള്ള പദത്തിന്റെ പിന്നിൽ വരിയുടെ താഴെ എന്ന അടയാളമിട്ടു, വരിയുടെ മുകളിൽ വിട്ട പദം ചേർക്കണം. മേലുദാഹരണത്തിൽ മുതൽ എന്ന പദമാണു വിട്ടതെന്നു കരുതുക. അപ്പോൾ ഒരറ്റം എന്നതിനു ശേഷം വേണം അടയാളമിടുക; ഉദാഹരണം നോക്കുക:

.........ഒരറ്റം മുതൽ മറ്റേ അറ്റം.........

......ഒരറ്റം മുതൽ മറ്റേ അറ്റം.........

ii) പ്രശ്ലേഷികം: *f*

'ശിവോഹം' എന്നതു സംസ്കൃതത്തിലെ ഒരു സമസ്തപദമാണ്. ഇതിൽ ഉത്തരപദാദിയിലുള്ള അകാരം ലോപിച്ചുപോയിരിക്കുന്നു.

ഇത്തരം സന്ദർഭങ്ങളിലുള്ള അകാരലോപത്തെ കാണിക്കാൻ ചേർക്കുന്ന അടയാളമാണ് *f* (പ്രശ്ലേഷികം) ശിവോ *f* ഹം, ദാസോ *f* യം

iii) നിരൂപണങ്ങൾ, പഠനങ്ങൾ തുടങ്ങിയ നിബന്ധങ്ങളിൽ പല സൂച്യഗ്രന്ഥങ്ങളെപ്പറ്റിയും പറയേണ്ടിവരും. ചില സ്ഥലത്തു ഉദ്ധരിച്ച വാക്യങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ അവിടെ നക്ഷത്രചിഹ്നമോ, അക്കങ്ങളോ കൊടുത്തുകൊണ്ടു താളുകളുടെ അടിയിലോ, ലേഖനാവസാനത്തിലോ അതേ ചിഹ്നമോ അക്കമോ കൊടുത്തുകൊണ്ടു ആവശ്യമായ വിശദീകരണം നല്കാം.

iv) വലയം (ബ്രാക്കറ്റ്) പ്രധാന വാക്യത്തിൽ ചേരേണ്ടാത്ത പദാവലിയെ മാറ്റിനിർത്താൻ ഇതുപകരിക്കുന്നു. നാടകങ്ങളിലും മറ്റും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ നിന്നു വേറിട്ടു, അവർക്കു കൊടുക്കുന്ന നിർദേശങ്ങൾ കാണിക്കാൻ ഇതുപയോഗിക്കുന്നു.

അഭ്യാസങ്ങൾ:

ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക:

വിഖ്യാതനായ ഹെഡ്മാസ്റ്ററായിരുന്ന റഗ്ബിയിലെ ഡോക്ടർ ആർ നോൾഡിന്റെ പുത്രനും, സംസ്കാരത്തിനു

വേണ്ടി അക്ഷീണയത്നം ചെയ്ത വിക്ടോറിയൻ കാലത്തെ ഒരു ഇംഗ്ലീഷ്കവിയുമായ മാത്യു ആർനോൾഡിൻെറ അഭിപ്രായം എന്തായാലും ഇതുതന്നെയാണ്.

കോഴിയമ്മ ചോദിച്ചു: "ആരാണു നെൽക്കതിർ കൊണ്ടു വന്നത്?"

നിങ്ങൾക്കറിയുമോ, ഈ കൊട്ടാരം ആരു പണിതതാണെന്ന്?

ഇന്നുഞാൻ നാളെ നീ, ഇന്നുഞാൻ നാളെ നീ
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ.

അഭ്യാസം

(താഴെ കാണുന്ന വാക്യങ്ങൾ ചിഹ്നങ്ങൾ ഒഴിവാക്കി കുട്ടികൾക്കു നൽകുക. അവർ ഉചിതമായവ ആലോചിച്ചു ചേർക്കട്ടെ)

മൃഗങ്ങളെല്ലാം അടുത്തുള്ള ആററിലേയ്ക്കു പോയി; കാലും മുഖവും കഴുകി; വെള്ളം കുടിച്ച് കാററേററ് അൽപനേരം വിശ്രമിച്ചു.

എന്നാൽ സമയം പിന്നേയും വൈകിയതുകൊണ്ടു അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗത്തിനു എഴുന്നേററു; തുമ്പിക്കൈ പൊക്കി സദസ്യരെയെല്ലാം വന്ദിച്ചു; എന്നിട്ട് ഇങ്ങനെ പറഞ്ഞു: "മഹാന്മാരേ, മഹതികളേ, ഒരു സത്യം ഞാൻ നിങ്ങളോടു തുറന്നു പറഞ്ഞുകൊള്ളട്ടെ..."

കത്തി, കത്തിരി, ബ്ളെയ്ഡ് മുതലായവയിൽ എണ്ണയോ വാസ്‌ലൈനോ ഗ്രീസോ പുരട്ടിവയ്ക്കുന്നതു കണ്ടിട്ടില്ലേ?

എന്നാൽ എങ്ങാനും പഴുതുകിട്ടിയാൽ വായു അവിടെ കയറിപ്പിടിക്കും; ഇരുമ്പു തുരുമ്പാകുകയും ചെയ്യും.

ഓ! നമ്മൾ കടൽപുറത്തു എത്തിക്കഴിഞ്ഞല്ലോ!

രണ്ടു ക്രൗഞ്ചപ്പക്ഷികൾ മധുരമായി തൂകിക്കൊണ്ടു അങ്ങുയരെ മരക്കൊമ്പിൽ ഇരിക്കുകയാണ്; ഒന്നു പൂവൻ, മറേറതു പിട.

ഇതാണോ ലനിൻ! ഇത്രയും മോശമായ വേഷമോ, റഷ്യയുടെ പരമാധികാരിക്ക്!

തന്റെ ചുററും അനീതിയുടെ അഴിഞ്ഞാട്ടം അദ്ദേഹം കണ്ടു; പണക്കാരൻ പാവപ്പെട്ടവനെ, പഠിച്ചവൻ പഠിക്കാത്തവനെ, സർവണൻ അവർണനെ; ഇങ്ങനെ എങ്ങുമെങ്ങും ശക്തൻ അശക്തനെ ഹിംസിക്കുന്നതു അദ്ദേഹം കണ്ടു.

പരക്കെ മാനവസ്നേഹത്തിന്റെ സന്ദേശം പരത്തി, കേരളീയ ജനതയുടെ ഹൃദയത്തിൽ മുമ്പെങ്ങുമില്ലാത്തവിധം ഒരു ചലനം സൃഷ്ടിച്ച്, ചിരസ്ഥായിയായ സൽഫലങ്ങൾ വിളയിച്ച ആ മഹാപുരുഷന്റെ ചൈതന്യം എന്നും അനശ്വരമായി പ്രകാശിക്കുകതന്നെ ചെയ്യും.

മഹാബലിയുടെ സൽഭരണം കണ്ടു അസൂയപ്പെട്ട ദേവന്മാർ, അദ്ദേഹം ദേവലോകം പിടിച്ചടക്കിക്കളയുമെന്നു അമ്പരന്ന്, വിഷ്ണുവിനോടു സഹായം അഭ്യർത്ഥിച്ചതിന്റെ ഫലമാണത്രേ വാമനാവതാരം.

തൃക്കാക്കരയപ്പന്റെ മടിയിലും വശങ്ങളിലും തുമ്പപ്പൂവ്, തെച്ചിപ്പൂവ്, മുല്ലപ്പൂവ്, ചെമ്പരത്തിപ്പൂവ് മുതലായ പൂക്കൾ വാരി വിതറും.

നനവു പററാതിരിക്കാൻ ഒന്നുകൂടി ചെയ്യാറുണ്ട്: മരുന്നു പിടിപ്പിച്ച അഗ്രം, ഉരുക്കിയ പാരഫിൻ മെഴുകിൽ മുക്കിയെടുക്കുകയാണു ആ പണി.

എന്നാൽ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ പാടാൻ മാത്രമല്ല, അരങ്ങിൽ അഭിനയിക്കാനും കൂടിയാണു എഴുതിയിട്ടുള്ളത്.

ആ സഹോദരിക്കു ഒരു പുത്രനുണ്ടായിരുന്നു–സത്യൻ.
ഹാ! എന്തു രസം! ഇനിയും പാടൂ," എന്നു പറഞ്ഞു രവി ങ്ങനെ പ്രേരിപ്പിക്കും.

ഏതു വിധത്തിലുള്ള പ്രദേശങ്ങളിലൂടെ ഒഴുകിവരുന്നു എന്നതിനെ ആശ്രയിച്ചിരിക്കും, നദീജലത്തിലെ ഒഴുക്കിൻെറ തോത്.

ആഹാരമില്ല, പാർപ്പിടമില്ല, മരുന്നില്ല, വിദ്യാഭ്യാസ സൗകര്യങ്ങളില്ല എന്നിങ്ങനെയുള്ള പരാതികൾ എവിടേയും കേൾക്കാം.

ദൈവത്തോടും സ്വന്തരാജ്യത്തോടുമുള്ള കടമ നിർവഹിക്കുക, അന്യരെ ഏതു സമയത്തും സഹായിക്കുക, സ്കൗട്ട് നിയമങ്ങൾ അനുസരിക്കുക എന്നിവയെ മുൻനിർത്തിയാണു പ്രതിജ്ഞ ചെയ്യുക.

അഞ്ചാംനിയമം നിഷ്കർഷിക്കുന്നത് എല്ലാവരോടും, പ്രത്യേകിച്ച് കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ, അംഗവൈകല്യം സംഭവിച്ചവർ എന്നിവരോട് വിനയാന്വിതരായി പെരുമാറണം എന്നതാണ്.

വിദ്യാർത്ഥികളേ, നിങ്ങൾ നല്ല കുട്ടികളാണെങ്കിൽ അദ്ധ്യാപകരേയും അച്ഛനമ്മമാരേയും അനുസരിക്കുന്ന

വരണമെങ്കിൽ, പുകവലി നിർത്തുക; അതിൽനിന്നും മിച്ചം വരുന്ന തുക, എത്ര ചെറുതായാലും, പട്ടിണികിടന്നു നരകിക്കുന്ന ഇൻഡ്യയിലെ ലക്ഷോപലക്ഷം ജനങ്ങൾക്കു സഹായകരമായിത്തീരുമാറ് എൻെറ പേർക്കയയ്ക്കുക.

അർജ്ജുനന്നു സംന്യാസിവേഷം കെട്ടാൻ എളുപ്പത്തിൽ സാധിക്കും; പക്ഷെ സംന്യാസവൃത്തിയുണ്ടാക്കാൻ സാധിക്കുന്നതെങ്ങനെ?

നദിക്കു ഒഴിവില്ല; കാററിനു വിശ്രമമില്ല; സൂര്യഭഗവാനു സദാ പ്രകാശിച്ചുകൊണ്ടിരിക്കുവാൻ മാത്രമേ അറിയുകയുള്ളു: അതുപോലെതന്നേ; നിഷ്കാമകർമ്മിക്ക് എപ്പോഴും സേവാപരമായ കർമ്മം ചെയ്തുകൊണ്ടിരിക്കാൻ മാത്രമേ അറിയുകയുള്ളു.

എന്നാൽ, ഈ വിദ്യാഭ്യാസത്തിൽ ഗുരുശിഷ്യഭാവമില്ല; ത്യാഗത്തിൻെറയോ സേവാവൃത്തിയുടെയോ പേരുപോലും ഇല്ല; നീതിപരമായ അന്തരീക്ഷമില്ല; സ്വധർമ്മത്തിൻെറ അഭ്യാസമില്ല; മാതൃഭാഷയോടു ആദരവില്ല; കായികാദ്ധ്വാനത്തിനു ഒരു വിലയുമില്ല; സ്വതന്ത്രചിന്തനത്തിനു സ്ഥാനമേ ഇല്ല: അങ്ങനെയുള്ള ഒരിക്കിൽ എന്തു ലാഭമാണു എടുക്കാൻ കഴിയുക?

പുതിയ രാജ്യം വന്നു; പക്ഷെ, വിദ്യാഭ്യാസം പഴയതു തന്നെ!

രണ്ടു വർഗ്ഗം ഉണ്ടായിത്തീർന്നിരിക്കുന്നു: ആജ്ഞാകാരന്മാരും ആജ്ഞാപാലകരും.

നിങ്ങളുടെ പാശ്ചാത്യ പരിഷ്കാരത്തിൻെറ ദോഷങ്ങളിൽ ഒന്നിതാണ്: നിങ്ങൾ ബുദ്ധിപരമായ വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്നു; ഹൃദയത്തെ തീരെ ആദരിക്കുന്നില്ല.

ഏതുവിധവും, മനസ്സിനു ബുദ്ധിയേയും ഇന്ദ്രിയങ്ങളേയും അതിലംഘിച്ചുപോകുവാൻ കഴിവുണ്ടെന്ന്, അതൊരു വാസ്തവമാണെന്ന്, സർവ മതങ്ങളും വിളിച്ചുപറയുന്നു.

ക്രിസ്തു പറഞ്ഞു: "എനിക്കുവേണ്ടി ജീവിതം ത്യജിക്കുന്നവൻ അതു കണ്ടെത്തും."

പഴയകാലത്തു മനുഷ്യർ കാട്ടിൽ പാർത്തുവന്നു, അന്യോന്യം തിന്നുമിരുന്നു; ഇന്നവർ അന്യോന്യം തിന്നുന്നില്ല; ചതിക്കുന്നേ ഉള്ളൂ.

സദസ്സിനു അലങ്കാരഭൂതങ്ങളായി വർത്തിക്കുന്ന ഹേ, പണ്ഡിതന്മാരേ, ശാസ്ത്രജ്ഞന്മാരേ, മഹാത്മാക്കളേ, നിങ്ങളും കണ്ടിരിക്കുകയാണോ, ഈ നീചമായ അധർമ്മം ഇവിടെ സ്വച്ഛന്ദം പ്രവർത്തിക്കുന്നത്?

ആഖ്യായികകളിൽ യാഥാർത്ഥ്യവും സങ്കല്പവും, പാലും വെള്ളവും പോലെ തിരിച്ചറിയാത്തവിധം ചേർന്നിരിക്കണം.

രാമ, രാമ എന്നു ജപിക്കാൻ വിഷമിച്ച കാട്ടാളനോട് ആമരം ഈമരം ആമരം ഈമരം എന്നു ആവർത്തിക്കാൻ പറഞ്ഞു എന്നൊരു ഐതിഹ്യമുണ്ട്.

എല്ലാ ഹൃദയങ്ങളിലും പ്രശോഭിക്കുന്ന ആ അന്തര്യാമിയെ, ഈശ്വരനെ, പ്രേമചക്ഷുസ്സുള്ളവർക്കൊക്കെ കാണാം.

നാം അടുത്തുതന്നെ തമ്മിൽ കാണുമല്ലോ.

VI മേൽ കൊടുത്ത ഉദാഹരണങ്ങളിൽ ആദ്യഭാഗത്തുള്ള അംശങ്ങൾ അത്യാവശ്യമാണ്; രണ്ടാമത്തേവ അർത്ഥശങ്കക്കിടം നൽകില്ലെന്ന ഘട്ടത്തിൽ ഉപേക്ഷിക്കാവുന്നതാണ്.

ഗർഭിത വാക്യങ്ങളല്ലെങ്കിലും അംഗാംഗിവാക്യത്തെ വേർതിരിച്ചുകാണിക്കാനും ഇതു സഹായിക്കും. താഴെ കൊടുത്ത ഉദാഹരണം നോക്കുക:

വായിച്ചുമാത്രം രസിക്കാവുന്ന കാവ്യത്തെ അപേക്ഷിച്ച്. വായിച്ചു രസിക്കാവുന്നതും അഭിനയിക്കുന്നതുകണ്ടു ആനന്ദിക്കാവുന്നതും ആയ കാവ്യത്തിനുള്ള മേന്മ സുവ്യക്തമാണ്.

VII ശ്രീരാമചന്ദ്രൻെറ കഥ നിങ്ങൾ കേട്ടിരിക്കും, ഇല്ലേ? ആ വിരുന്നിൽ എത്രപേർ സംബന്ധിച്ചിട്ടുണ്ടാവും, ആകെ?

ചുണക്കുട്ടികളായിരിക്കുക, അങ്ങനെയുള്ളവരെയാണ് ഭാരതത്തിനു ഇന്നു വേണ്ടത്.

ഇങ്ങനെ പൂർണ്ണക്രിയകൾക്കുശേഷം വരുന്ന വാക്യാംശത്തെ വേർതിരിക്കുന്നിടത്തും അങ്കുശം ഉപയോഗിക്കാം. അർദ്ധവിരാമമിട്ടു വേർതിരിക്കത്തക്കവണ്ണം വാക്യങ്ങൾക്കു അന്തരം വിവക്ഷിക്കുന്നില്ല അവിടങ്ങളിൽ, എന്നതാണു കാരണം.

PRINTED AT
PRESS RAMSES
TRIVANDRUM.